بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 27.07.18 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*27.07.18 ന് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം*

### നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയരായ സഹാബാക്കൾ ഹദ്റത്ത് മുന്ദിറിബ്നു മുഹമ്മദ് അൻസാരി(റ)യുടെയും ഹദ്റത്ത് ഹാത്തിബ് ബ്നു അബീ ബൽത:(റ)യുടെയും വിശ്വാസം തുളുമ്പുന്ന, ഹൃദയഹാരിയായ ചരിത്രസംഭവങ്ങൾ

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹയും ഓതിയ തിനുശേഷം അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹ് പറഞ്ഞു:

സ്വഹാബാക്കളെക്കുറിച്ചുള്ള വിവരണത്തിൽ ഇന്നു ഞാൻ രണ്ടു സ്വഹാബികളെക്കുറിച്ചു പറയുന്നതാണ്. ആദ്യത്തേത് മുൻദിർ ബിൻ മുഹമ്മദ് അൻസ്വാരിയാണ്. ബനൂജഹ്ജബാ ഗോത്രവുമായിട്ടാണ് അദ്ദേഹത്തിന്റെ ബന്ധം. മദീനയിലെത്തിയശേഷം നബി(സ)തിരുമേനി ഹദ്റത്ത് മുൻദിർ ബിൻ മുഹമ്മദിനും തുഫൈൽ ബിൻ ഹാരിസിനുമിടയിൽ സാഹോദര്യം സ്ഥാപിച്ചു. ഹദ്റത്ത് സുബൈർ ബിൻ അവാം, ഹദ്റത്ത് ഹാത്വിബ് ബിൻ അബീ ബൽത്വാ ഹദ്റത്ത് അബൂസൈറത്ത് ബിൻ അബീ റുഹം എന്നിവർ മക്കയിൽനിന്ന് ഹിജ്റത്ത് ചെയ്ത് മദീനയിലെത്തിയപ്പോൾ അവർ ഹദ്റത്ത് മുൻദിർ ബിൻ മുഹമ്മദിന്റെ വീട്ടിലായിരുന്നു താമസിച്ചത്. ബദ്ർ യുദ്ധത്തിലും ഉഹുദ് യുദ്ധത്തിലും പങ്കെടുത്ത ഹദ്റത്ത് മുൻദിർ 'ബിഅ്റെ മഊന' സംഭവത്തിലാണ് ശഹീദായത്. 'ബി അ്റെ മഊന' സംഭവം ഉണ്ടായത് ഇപ്രകാരമാണ്: ഹിജ്റ 4 ന് സഫർ മാസത്തിൽ നബി(സ)തിരുമേനി മുൻദിർ ബിൻ അംറ് അൻസ്വാരിയുടെ നേതൃത്വത്തിൽ ഒരു സംഘത്തെ ഇസ്ലാമിക പ്രബോധനത്തിനു വേണ്ടി അയച്ചു. സംഘത്തിലുള്ളവരെല്ലാം പൊതുവെ അൻസ്വാരികളായിരുന്നു. എഴുപതു പേരടങ്ങുന്ന ഖാരികൾ അതായത് വിശുദ്ധ ഖുർആൻ ഹൃദിസ്ഥമാക്കിയവരായിരുന്ന അവർ ഒരു കിണറിന്റെ പേരിൽ അറിയപ്പെടുന്ന ബിഅ്റെ മഊന എന്ന സ്ഥലത്ത് എത്തിയപ്പോൾ അവരിലെ അനസ് ബിൻ മാലികിന്റെ അമ്മാവൻ ഹർറാം ബിൻ മൽഹാൻ മറ്റു സ്വഹാബാക്കളെയെല്ലാം പിന്നിലാക്കിക്കൊണ്ട് ഇസ്ലാമികധ്യാപനങ്ങളിലേക്ക് ക്ഷണിച്ചുകൊണ്ടുള്ള നബി(സ)തിരുമേനിയുടെ സന്ദേശവുമായി ആമിർ ഗോത്രത്തലവനും അബൂ ബർറാ ആമിറിന്റെ സഹോദര പുത്രനുമായ തുഫൈൽ ബിൻ ആമിറിന്റെ അടുക്കലേക്കു പോയി. ഹർറാം ബിൻ മൽഹാൻ നബി(സ) തിരുമേനിയുടെ സന്ദേശവാഹകനെന്ന നിലയിൽ ആമിർ ബിൻ തുഫൈലിന്റെയും അയാളുടെ കൂട്ടുകാരുടെയും അടുത്തെത്തിയപ്പോൾ ആദ്യമൊക്കെ കപട സ്നേഹത്തോടെ സ്വീകരിച്ചു. എന്നാൽ, അദ്ദേഹം സമാധാനത്തോടെ ഇരുന്ന് തബ്ലീഗ് ചെയ്യാൻ തുടങ്ങിയപ്പോൾ അവരിലെ ചില ദുഷ്ടന്മാർ ആരെയോ ആംഗ്യം കാണിക്കുകയും അയാൾ ആ നിരപരാധിയായ ദൂതനെ പിന്നിൽ നിന്ന് കുന്തം കൊണ്ട് കുത്തി ശഹീദാക്കുകയും ചെയ്തു. ആ സമയം ഹർറാ ബിൻ മൽഹാന്റെ നാവിൽ നിന്നു വന്ന വാക്കുകൾ ഇതായിരുന്നു: അല്ലാഹു അക്ബർ ഫുസ്തു ബി റബ്ബിൽ കഅ്ബ. അതായത്, "അല്ലാഹു ഏറ്റവും വലിയവൻ, കഅ്ബയുടെ നാഥനാണ! ഞാനെന്റെ ലക്ഷ്യം കൈവരിച്ചു."

ആമിർ ബിൻ തുഫൈൽ നബി(സ)തിരുമേനിയുടെ ദൂതനെ വധിക്കുക മാത്രമല്ല ബനൂസലീം ഗോത്രത്തിലെ ബനൂറെയ്ലിനെയും സക്വാനെയും മറ്റും കൂട്ടിക്കൊണ്ട് ശേഷിച്ച നിസ്സഹായരായ സ്വഹാബാക്കളെ ആക്രമിച്ചു വാളി നനിരയാക്കി. കഅബ് ബിൻ സൈദ് എന്നു പേരുള്ള ഏക സ്വഹാബിയായിരുന്നു രക്ഷപ്പെട്ടത്. ആ സംഘത്തിലെ രണ്ടു പേർ അതായത് അംറ് ബിൻ ഉമയ്യ സുംരിയും മുൻദിർ ബിൻ മുഹമ്മദും ആ സമയം ഒട്ടകത്തെ മേയ്ക്കുന്നതിന് അവരുടെ സംഘത്തിൽ നിന്നകന്ന് അടുത്തെവിടെയോ പോയതായിരുന്നു. തിരിച്ചെത്തിയ അവർ ഈ കാഴ്ച കണ്ടപ്പോൾ പറഞ്ഞു: ഞങ്ങളുടെ അമീർ മുൻദിർ ബിൻ അംറ് ശഹീദായ സ്ഥലത്തുതന്നെ ഞങ്ങളും പൊരുതുന്നതാണ്. അങ്ങനെ മുൻദിർ ബിൻ മുഹമ്മദും കൂട്ടുകാരനും ശത്രുക്കളോട് പൊരുതി ശഹീദാവുകയാണുണ്ടായത്.

ഹുദൂർ തിരുമനസ്സ് പറഞ്ഞു: ഹദ്റത്ത് ഹാത്വിബ് ബിൻ അബീ ബൽത്വായാണ് രണ്ടാമത്തെ സ്വഹാബി. ലഖം ഗോത്രവുമായിട്ടാണ് ഇദ്ദേഹത്തിന്റെ ബന്ധം. ഹദ്റത്ത് ഹാത്വിബ് ബിൻ അബീ ബൽത്വായ്ക്ക് ബനൂ അസദുമായി സൗഹൃദ കരാറുണ്ടായിരുന്നു. അബ്ദുല്ലാഹ് എന്നായിരുന്നു അദ്ദേഹത്തിന്റെ സംജ്ഞാനാമം. അദ്ദേഹം യമൻ കാരനായിരുന്നു. ബദ്ർ, ഉഹുദ്, ഖന്തക്ക് തുടങ്ങിയ എല്ലാ യുദ്ധങ്ങളിലും അദ്ദേഹം തിരുമേനിയോടൊപ്പം പങ്കെടുത്തിട്ടുണ്ട്. നബി(സ) തിരുമേനി ഇദ്ദേഹം മുഖാന്തിരമാണ് ഈജിപ്തിലെ രാജാവായിരുന്ന മുഖൗഖിസിനെ ഇസ്ലാമിലേക്ക് ക്ഷണിച്ചുകൊണ്ടുള്ള കത്ത് കൊടുത്തു വിട്ടത്. ഹദ്റത്ത് ഹാത്വിബ്, നബി(സ)തിരുമേനിയുടെ വില്ലാളിവീരന്മാരിൽ ഉൾപ്പെടുന്നു. ജാഹിലിയ്യാ കാലഘട്ട

ത്തിൽ ഖുറൈശിലെ ഒന്നാംതരം കുതിപ്പടയാളിയും കവിയുമായിരുന്നു ഹദ്റത്ത് ഹാത്വിബ് ബിൻ അബീ ബൽത്വാ എന്നും പറയപ്പെടുന്നു. അദ്ദേഹം ഉബൈദുല്ലാ ബിൻ ഹമീദിന്റെ അടിമയായിരുന്നെന്നും അടിമ മോചനകരാർ മുഖേന സ്വതന്ത്രനായതാണെന്നും മക്കാ വിജയ ദിവസമാണ് കരാർ പ്രകാരമുള്ള തുക കൊടുത്തതെന്നും ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഹദ്റത്ത് ഉമ്മുസൽമ വിവരിക്കുന്നു: ഹദ്റത്ത് ഹാത്വിബ് ബിൻ അബീ ബൽത്വാ മുഖേനയാണ് നബി(സ)തിരുമേനി ഞാനുമായുള്ള വിവാഹാലോചന നടത്തിയത്. ഒരു രിവായത്തിൽ വന്നിരിക്കുന്നു: ഹദ്റത്ത് അനസ് ബിൻ മാലിക്, ഹദ്റത്ത് ഹാത്വിബ് ബിൻ അബീ ബൽത്വായിൽ നിന്ന് ഇപ്രകാരം കേട്ടതായി വിവരിക്കുന്നു: ഉഹുദ് ദിവസം നബി(സ)തിരുമേനി തന്റെ ചോരപുരണ്ട മുഖം കഴുകുകയായിരുന്നു. ഹാത്വിബ് തിരുമേനിയോട് ചോദിച്ചു: അങ്ങയോട് ഇതാരാണ് ചെയ് തത്? അവിടന്ന് പറഞ്ഞു: ഉത്ബ ബിൻ അബീ വഖാസ് എന്റെ മുഖത്തേക്ക് കല്ലെറിഞ്ഞതാണ്. ഹദ്റത്ത് ഹാത്വിബ് പറയുന്നു: മുഹമ്മദ്(സ)കൊല്ലപ്പെട്ടിരിക്കുന്നുവെന്ന് ഞാൻ കുന്നിന് മുകളിൽ കേട്ടുവെന്നും ഇതുകേട്ടപ്പോൾ ജീവനറ്റ അവസ്ഥയിലാണ് ഇവിടെ എത്തിയതെന്നും ഞാൻ പറഞ്ഞു. ഹദ്റത്ത് ഹാത്വിബ്, ഉത്ബയുടെ അടുത്തേക്കു പോയി. അയാൾ ഒളിച്ചിരിക്കുകയായിരുന്നു. അങ്ങനെ അദ്ദേഹം അയാളെ കീഴ്പ്പെടുത്തുകയും വാളുകൊണ്ട് തല വെട്ടുകയും ചെയ്തു. ശേഷം അയാളുടെ ശിരസ്സും സാധനങ്ങളും കുതിരയുമെല്ലാമായി നബി(സ)തിരുമേനിയുടെ അടുക്കൽ കൊണ്ടുവന്നു. അവിടന്ന് ഹാത്വിബിനു വേണ്ടി ദുആ ചെയ്തു. അല്ലാഹു നിന്നിൽ തൃപ്തനാകട്ടെ, അല്ലാഹു നിന്നിൽ തൃപ്തനാകട്ടെ എന്ന് രണ്ടു തവണ അവിടന്ന് പറഞ്ഞു.

ഹദ്റത്ത് ഹാത്വിബ് ബിൻ അബീ ബൽത്വാ ഹിജ്റ 30ന് അറുപത്തിയഞ്ചാം വയസ്സിൽ മദീനയിലാണ് വഫാത്തായത്. ഹദ്റത്ത് ഉഥ്മാൻ(റ) ആണ് അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചത്. കൈസറുടെ ഭരണത്തിൻ കീഴിൽ ഈജിപ്തിന്റെയും അലക്സാൻട്രിയായുടെയും ഗവർണറായിരുന്ന മുഖൗഖിസിന് നബി(സ)തിരുമേനി ഹദ്റത്ത് ഹാത്വിബ് ബിൻ അബീ ബൽത്വാ മുഖേന കത്തയച്ചിരുന്നു. പിന്തുടർച്ചവകാശമെന്ന നിലയിൽ അദ്ദേഹം അവിടം ഭരിക്കുകയായിരുന്നു. കൈസറിനെപ്പോലെ ക്രിസ്ത്യാനിയുമായിരുന്നു. ജുറയ്ജ് ബിൻ മീനാ എന്നതാണ് അയാളുടെ സ്വന്തം പേര്. അദ്ദേഹവും പ്രജകളും ഖിബ്ത്വി സമൂഹവുമായി ബന്ധപ്പെട്ടവരായിരുന്നു. കത്തിലെ വാക്കുകൾ ഇപ്രകാരമായിരുന്നു:

**ബിസ്മില്ലാഹിർറഹ്മാനിർറഹീം മിൻ മുഹമ്മദിൻ അബ്ദില്ലാഹി വ റസൂലിഹീ ഇലൽ മുഖൗഖസി അളീമിൽ ഖിബ്ത്വി സലാമുൻ അലാ മനിത്തബഅൽ ഹുദാ അമ്മാ ബഅ്ദു ഫഇന്നീ അദ്ഊക്ക ബിദിആയത്തിൽ ഇസ്ലാം തസ്ലിം തുസ്ലിം യുഅ്തീക്കല്ലാഹു അജ്റക്ക മർറത്തയ്നി ഫിൻതവല്ലയ്ത്ത ഫ അലയ്ക്ക ഇഥ്മുൽ ഖിബ്ത്വി യാ അഹ്ലൽ കിതാബി തആലൗ ഇലാ കലമത്തിൻ സവാഇൻ ബയ്നനാ വ ബയ്നക്കും അല്ലാ നഅ്ബുദ ഇല്ലല്ലാഹ വലാ നുശ്രിക്ക ബിഹീ ശയ്അൻ വ്വലാ യത്തഖിദ ബഅ്ളുനാ ബഅ്ളൻ അർബാബൻ മ്മിൻദൂനില്ലാഹി ഫഇൻ തവല്ലൗ ഫഖൂലുശ്ഹദു ബിഅന്നാ മുസ്ലിമൂൻ**

ചോദിക്കാതെ നല്കുന്നവനും കർമങ്ങൾക്ക് ഉത്തമമായ പ്രതിഫലം നല്കുന്നവനുമായ അല്ലാഹുവിന്റെ നാമത്തിൽ ഞാൻ ആരംഭിക്കുന്നു. ഈ കത്ത് അല്ലാഹുവിന്റെ ദാസനും ദൂതനുമായ മുഹമ്മദ്, ഖിബ്ത്വികളുടെ നേതാവ് മുഖൗഖിസിന് എഴുതുന്നതാണ്. സന്മാർഗം സ്വീകരിക്കുന്നവരുടെമേൽ സമാധാനമുണ്ടാകട്ടെ.

അല്ലയോ മിസ്റിന്റെ ഭരണാധികാരി! ഞാൻ താങ്കളെ ഇസ്ലാമിന്റെ സന്മാർഗത്തിലേക്ക് ക്ഷണിക്കുന്നു. മുസ്ലിമായിക്കൊണ്ട് ദൈവത്തിന്റെ സമാധാനം സ്വീകരിക്കുക; ഇനി ഇതു മാത്രമേ മോക്ഷത്തിന്റെ വഴിയായുള്ളൂ. അല്ലാഹു താങ്കൾക്ക് ഇരട്ടി പ്രതിഫലം നല്കുന്നതാണ്. താങ്കൾ പിന്തിരിയുകയാണെങ്കിൽ താങ്കളുടെ സ്വന്തം പാപത്തിനു പുറമേ ഖിബ്ത്വികളുടെ പാപവും താങ്കളുടെ ചുമലിലായിരിക്കും. ഗ്രന്ഥാനുസാരികളേ! ഞങ്ങൾക്കും നിങ്ങൾക്കും ഇടയിൽ തുല്യസമ്മതമായി ഒരു കാര്യത്തിലേക്ക്-അല്ലാഹു അല്ലാതെ നമ്മൾ ആരേയും ആരാധിക്കുകയില്ലെന്നും അവനോടു ഒന്നിനേയും പങ്കുചേർക്കുകയില്ലെന്നും നമ്മളിൽ ചിലർ മറ്റു ചിലരെ അല്ലാഹുവിനു പുറമെ രക്ഷാധികാരികളാക്കുകയില്ലെന്നും(ഉള്ള തത്ത്വത്തിലേക്ക്)-വരുക. എന്നിട്ടവർ പിന്തിരിഞ്ഞു കളയുന്നുവെങ്കിൽ പറയുക, ഞങ്ങൾ അല്ലാഹുവിനോടു അനുസരണം പുലർത്തുന്നവരാണെന്നതിന് നിങ്ങൾ സാക്ഷ്യം വഹിക്കുക.

മുഖൗഖസ് കത്തു വായിച്ചു. എന്നിട്ട് ഹദ്റത്ത് ഹാത്വിബ് ബിൻ അബൂ ബൽത്വായോട് അർധപരിഹാസമെന്നോണം പറഞ്ഞു: 'നിങ്ങളുടെ ഈ സുഹൃത്ത് അതായത് നബി(സ)തിരുമേനി വാസ്തവത്തിൽ അല്ലാഹുവിന്റെ നബിയാണെങ്കിൽ ഈ കത്തയക്കുന്നതിനുപകരം അല്ലാഹുവേ! ഇയാളുടെമേൽ തനിക്ക് ആധിപത്യം നല്കേണമേ എന്ന് എനിക്കെതിരെ എന്തുകൊണ്ട് ദുആ ചെയ്തില്ല?' ഹദ്റത്ത് ഹാത്വിബ് മറുപടി പറഞ്ഞു: 'ഈ ആക്ഷേപം ശരിയാണെങ്കിൽ ഇതിൽനിന്ന് ഹദ്റത്ത് ഈസാ(അ)യും ഒഴിവാകുന്നതല്ല. തന്റെ എതിരാളികൾക്കെതിരിൽ അദ്ദേഹം എന്തുകൊണ്ട് ഇത്തരത്തിൽ ദുആ ചെയ്തില്ല?' ശേഷം ഹദ്റത്ത് ഹാത്വിബ് അദ്ദേഹത്തെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു: "താങ്കൾ കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കി ചിന്തിക്കുക. താങ്കളുടെ ഇതേ രാജ്യത്തു തന്നെയാണല്ലോ ഫിർഔനെപ്പോലുള്ള വ്യക്തിയും കഴിഞ്ഞു പോയത്. മുഴുലോകത്തിന്റെയും നാഥനും ഉന്നതാധികാരിയും താനാണെന്നായിരുന്നു അയാൾ വാദിച്ചത്. അതിന്റെ ഫലമായി മുമ്പേയുള്ളവർക്കും പിമ്പേയുള്ളവർക്കും പാഠ

മാകും വിധം ദൈവം അയാളെ പിടിച്ചു. താങ്കൾ മറ്റുള്ള വരുടെ അവസ്ഥകളിൽനിന്ന് ഉപദേശം സ്വീകരിക്കുക എന്നാണ് എനിക്ക് ആത്മാർഥമായി പറയാനുള്ളത്. മറ്റു ള്ളവർ താങ്കളുടെ അവസ്ഥകളിൽനിന്ന് പാഠമുൾക്കൊ ള്ളുന്ന അവസ്ഥ വരാതിരിക്കട്ടെ.”

അദ്ദേഹത്തിന്റെ ധീരതയാർന്ന സംസാരം കണ്ട മുഖൗ ഖസ് പറഞ്ഞു: ‘ഒരു മതം നമുക്ക് ആദ്യമേയുണ്ട്. ഇതി നേക്കാൾ നല്ല മതം ലഭിക്കുന്നതുവരെ നമുക്ക് ഇതിനെ വിട്ടൊഴിയാനാവില്ല.’ അതായത്, ക്രിസ്തുമതം ഉപേക്ഷി ക്കാനാവില്ല. ഹാത്വബ്(റ) മറുപടി പറഞ്ഞു: ‘മറ്റു മതങ്ങ ളെയൊന്നും ആശ്രയിക്കാത്ത മതമാണ് ഇസ്‌ലാം; അവ സാനത്തെ മതം. എല്ലാ മതങ്ങളും ഇതിൽ ഉൾച്ചേരുന്നു. തീർച്ചയായും അത് ഈസാനബിയെ വിശ്വസിക്കുന്നതിൽ തടയുന്നില്ല. എല്ലാ സത്യപ്രവാചകരിലും വിശ്വസിക്കാ നാണ് അത് ഉപദേശിക്കുന്നത്. ഹദ്റത്ത് മൂസാ(അ) ഹദ്റത്ത് ഈസാ നബിയെക്കുറിച്ച് സുവാർത്ത നല്കി യതു പോലെ ഹദ്റത്ത് ഈസാ(അ)നമ്മുടെ നബി(സ) തിരുമേനിയെക്കുറിച്ചും സുവിശേഷം നല്കിയിട്ടുണ്ട്.’ മുഖൗഖസ് അപ്പോൾ നിശ്ശബ്ദനായി ചിന്തയിലാണ്ടു. പിന്നീട് ചില ഉന്നതരായ പാതിരിമാർ അടങ്ങുന്ന ഒരു സദസ്സിൽ മുഖൗഖസ് ഹാത്വിബിനോട് ചോദിച്ചു: “നിങ്ങ ളുടെ നബി സ്വന്തം നാട്ടിൽനിന്ന് പുറത്താക്കപ്പെട്ടുവെന്നു കേട്ടല്ലോ. ആ സന്ദർഭത്തിൽ പുറത്താക്കിയവർക്കെതിരിൽ അദ്ദേഹം എന്തുകൊണ്ട് ശാപപ്രാർഥന നടത്തിയില്ല?” ഇതു കേട്ട ഹാത്വിബ് പറഞ്ഞു: “നിങ്ങളുടെ മസീഹിനെ യഹൂദികൾ പിടിച്ച് കുരിശിൽ തറക്കാൻ തുനി ഞ്ഞിരുന്ന ല്ലോ. എന്നിട്ടും തന്റെ ശത്രുക്കൾക്കെതിരെ ശാപപ്രാർഥന നടത്തി അവരെ നശിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞി ല്ല.” ഈ മറുപടി മുഖൗഖസിനെ വല്ലാതെ സ്വാധീനിച്ചു. അദ്ദേഹം പറഞ്ഞു: ‘നിങ്ങൾ തീർച്ചയായും യുക്തിയുള്ള ഒരു മനുഷ്യനാണ്. ജ്ഞാനിയായ ഒരു മനുഷ്യന്റെ പക്ക ൽ നിന്നുവന്ന രാജദൂതനാണ് നിങ്ങൾ.’

മിസ്റിലെ മുഖൗഖസ് നബി(സ)തിരുമേനിയുടെ ദൂത നോട് ആദരവോടെയാണ് പെരുമാറിയതെന്ന് കത്തിൽ നിന്ന് വ്യക്തമാകുന്നു. അദ്ദേഹം നബിതിരുമേനിയുടെ വാദത്തിൽ ഒരളവോളം താത്പര്യം കാണിക്കുകയും ചെ യ്തു. ഏതായാലും അദ്ദേഹത്തിന് ഇസ്‌ലാം സ്വീകരിക്കാ നായില്ല. ക്രിസ്ത്യാനിയായിരിക്കെ തന്നെയാണ് മരണപ്പെ ട്ടതെന്ന് മറ്റു നിവേദനങ്ങളിൽ നിന്നും മനസ്സിലാകുന്നു. മുഖൗഖസിനുവേണ്ടി എഴുതിയ കത്തിനെക്കുറിച്ച് ഹദ് റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരു കാര്യം കൂടി എഴുതി യിട്ടുണ്ട്. ഇതേ കത്തുതന്നെയായിരുന്നു റോമിലെ രാജാ വിനും എഴുതിയത്. റോമിലെ ജനതയുടെ പാപഭാരവും താങ്കൾക്ക് വഹിക്കേണ്ടി വരുമെന്ന വ്യത്യാസം മാത്രമേ ഉണ്ടായിരുന്നുള്ളു. ഖിബ്ത്വികളുടെ പാപഭാരം നിങ്ങളുടെ മേലായിരിക്കും എന്നാണ് ഇതിലുണ്ടായിരുന്നത്. ഹദ്റത്ത് ഹാത്വിബ്(റ) ഈജിപ്തിലെത്തിയപ്പോൾ അദ്ദേഹം തല സ്ഥാനത്ത് ഉണ്ടായിരുന്നില്ല. അദ്ദേഹം അലക്സാൺട്രി യായിലായിരുന്നു. ഹാത്വിബ് അലക്സാൺട്രിയായിലേക്കു പോയി. മുഖൗഖസ് അവിടെ ഒരു സദസ്സിലിരിക്കുകയാ യിരുന്നു. ചുറ്റും കാവലുണ്ടായിരുന്നു. അദ്ദേഹം ദൂരെ നിന്ന് കത്ത് ഉയർത്തിക്കൊണ്ട് വിളിച്ചു പറയാൻ തുടങ്ങി യപ്പോൾ അദ്ദേഹത്തെ കൊണ്ടു വരാനും തന്റെ മുന്നിൽ ഹാജരാക്കാനും രാജാവ് കല്പിച്ചു. ധൈര്യത്തോടും യുക്തിയോടും കൂടി തബ്‌ലീഗിന്റെ ഉത്തരവാദിത്വം നിർവ ഹിച്ചവരാണിവർ. ഏതെങ്കിലും ഭരണാധികാരിയെയോ ഗവർണറെയോ രാജാവിനെയോ അവർ ഭയപ്പെട്ടിരുന്നില്ല.

ഹദ്റത്ത് ഹാത്വിബ് ബിൻ അബീ ബൽത്വാ മക്കാവിജയ ത്തിനു മുമ്പേ ഒരു കത്തു മുഖേന നബി(സ)തിരുമേ നിയുടെ ആഗമനത്തെക്കുറിച്ച് മക്കക്കാരെ അറിയിക്കാൻ ശ്രമിച്ചിരുന്നു. മക്കയിലേക്കു പോവുകയായിരുന്ന ഒരു സ്ത്രീയുടെ കൈയിലായിരുന്നു കത്ത് കൊടുത്തയച്ചിരു ന്നത്. അല്ലാഹു ഇക്കാര്യം നബി(സ)തിരുമേനിയെ അറി യിച്ചതിനെ തുടർന്ന് അവിടന്ന് ഹദ്റത്ത് അലി(റ)യെയും മറ്റു ചില സ്വഹാബാക്കളെയും ആ സ്ത്രീയുടെ പിന്നാലെ അയച്ചു. അവർ ആ സ്ത്രീയിൽ നിന്ന് കത്ത് കണ്ടെടുത്ത് നബി(സ)തിരുമേനിയുടെ സന്നിധിയിൽ എത്തിച്ചു. ഇതെ ന്താണെന്ന് നബി(സ) തിരുമാനി ഹദ്റത്ത് ഹാത്വിബി നോടു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ഞാൻ ഇതു ചെയ്തത് വല്ല അവിശ്വാസത്താലോ കാപട്യം കൊണ്ടോ അല്ല. എന്റെ ബന്ധുക്കളുടെ ഔദാര്യങ്ങൾക്കു പ്രത്യുപകാ രമെന്ന നിലയ്ക്കാണ് ഞാനിത് എഴുതിയത്. നീ പറ ഞ്ഞത് സത്യമാണെന്ന് പറഞ്ഞു കൊണ്ട് നബി(സ)തിരു മേനി അദ്ദേഹത്തിന് മാപ്പ് നല്കി.

അദ്ദേഹത്തെ മുഖൗഖസിന്റെ അടുക്കലേക്ക് ഹദ്റത്ത് അബൂബക്കറും(റ) ഈജിപ്തിലേക്ക് അയച്ചിരുന്നു. അന്ന് ഒരു ഉടമ്പടിയിൽ ഏർപ്പെടുകയുണ്ടായി. ഹദ്റത്ത് അംറ് ബിൻ ആസ് ഈജിപ്ത് ആക്രമിക്കുന്നതുവരെ ആ ഉട മ്പടി ഇരു കക്ഷികളിലും നിലനിന്നിരുന്നു. സമാധാന ഉടമ്പടിയായിരുന്നു അത്.

സുന്ദരമായ ശരീരത്തിനുടമയായിരുന്നു ഹദ്റത്ത് ഹാ ത്വിബ് എന്നാണ് പറയപ്പെടുന്നത്. നേർത്ത താടിയും കഴുത്ത് വളഞ്ഞതുമായിരുന്നു. ഉയരം കുറവും വിരലുകൾ വണ്ണമുള്ളതുമായിരുന്നു.

യഅ്ഖൂബ് ബിൻ ഉത്ബയിൽനിന്ന് നിവേദനം: ഹദ്റത്ത് ഹാത്വിം ബിൻ അബീ ബൽത്വാ നാലായിരം ദിർഹമും ദീനാറും ഉപേക്ഷിച്ചുകൊണ്ടാണ് വഫാത്തായത്. ധാന്യ ങ്ങളുടെ കടച്ചവടമായിരുന്നു അദ്ദേഹത്തിന്. അദ്ദേഹം തന്റെ മുതലുകൾ മദീനയിൽതന്നെ ഉപേക്ഷിക്കുകയാ യിരുന്നു. ഹദ്റത്ത് ജാബിറിൽനിന്ന് നിവേദനം: ഒരിക്കൽ ഹദ്റത്ത് ഹാത്വിബിന്റെ അടിമ അദ്ദേഹത്തെക്കുറിച്ചുള്ള പരാതിയുമായി നബി(സ)തിരുമേനിയുടെ അടുക്കലെ ത്തി. അടിമ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, ഹാത്വിബ് തീർച്ചയായും നരകത്തിലായിരിക്കും. വല്ലാത്ത അലസ

നാണെന്നോ മറ്റോ അയാൾ പറഞ്ഞു കാണും. അതുകേട്ട് നബി(സ) തിരുമേനി പറഞ്ഞു: 'നീ കളവാണ് പറയുന്നത്. അദ്ദേഹം ഒരിക്കലും നരകത്തിൽ പ്രവേശിക്കുകയില്ല. എന്തെന്നാൽ, അദ്ദേഹം ബദ്ർ യുദ്ധത്തിലും ഹുദൈബിയ സന്ധിയിലും പങ്കെടുത്തിട്ടുണ്ടായിരുന്നു.'

ഒരിക്കൽ ഹദ്റത്ത് ഹാത്വിബ് ഉണക്ക മുന്തിരി, മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിൽ മദീനയിലെ ചന്തയിൽ വില്ക്കുകയായിരുന്നു. ആ സമയത്ത് ഹദ്റത്ത് ഉമർ(റ) അതിലൂടെ കടന്നു പോയി. താങ്കൾ സ്വന്തം വീട്ടിൽച്ചെന്ന് വില്ക്കുക എന്ന് ഉമർ(റ) നിർദേശിച്ചു. മാർക്കറ്റിൽ ഇത്ര കുറഞ്ഞ വിലയ്ക്ക് വിൽക്കാൻ അനുവദിക്കുകയില്ല. മാർക്കറ്റ് വിലയെ അതു സാരമായി ബാധിക്കും. ഹദ്റത്ത് ഉമറിന്റെ ഈ അഭിപ്രായത്തെ ഫുഖഹാക്കൾ ഒരു പ്രായോഗിക തത്ത്വമായി അംഗീകരിക്കുന്നു. മാർക്കറ്റ് വില നിശ്ചയിക്കേണ്ടത് ഇസ്‌ലാമിക ഭരണകൂടത്തിന്റെ ചുമതലയാണെന്ന് അവർ എഴുതിയിരിക്കുന്നു.

മേച്ചിൽസ്ഥലങ്ങളിൽ വെള്ളത്തിനുവേണ്ടി കിണർ കുഴിക്കുന്ന ചുമതലയും ഇസ്‌ലാമിക ഭരണകൂടത്തിന്റേതാണ്. നബി(സ) ഒരിക്കൽ മേച്ചിൽസ്ഥലത്ത് ഹദ്റത്ത് ഹാത്വിബ് മുഖേന കിണർ കുഴിപ്പിച്ചിരുന്നു. നിവേദനത്തിൽ വന്നിരിക്കുന്നു: ബനൂമുസ്തലിഖ് യുദ്ധത്തിൽനിന്ന് തിരിച്ചു വരുമ്പോൾ നബി(സ)തിരുമേനി നഖീഅ് എന്ന സ്ഥലം വഴി കടന്നുപോയി. അവിടെ വിശാലമായ പുൽ മൈതാനം അവിടന്ന് കണ്ടു. ഒരുപാട് കിണറുകളുമുണ്ടായിരുന്നു. വെള്ളവും നല്ലതായിരുന്നു. ആ കിണറുകളിലെ വെള്ളത്തെക്കുറിച്ച് നബി(സ) അന്വേഷിച്ചപ്പോൾ അദ്ദേഹത്തോടു പറയപ്പെട്ടു: അല്ലാഹുവിന്റെ ദൂതരേ, വെള്ളം നല്ലതാണ്. പക്ഷേ, ഞങ്ങൾ ഈ കിണറിനെ പ്രകീർത്തിക്കുമ്പോൾ ഇതിലെ വെള്ളം കുറഞ്ഞു പോകുകയോ കിണർ പൊളിഞ്ഞു പോവുകയോ ചെയ്യുന്നു. അങ്ങനെ നബി(സ) തിരുമേനി ഹദ്റത്ത് ഹാത്വിബിനോട് ഒരു കിണർ കുത്താനും നഖീഅ് നെ മേച്ചിൽ സ്ഥലമാക്കാനും കല്പന നല്കി.

ഹദ്റത്ത് ഹാത്വിബ് ബിൻ അബീ ബൽത്വായുടെ ധാർമിക ഗുണങ്ങളെക്കുറിച്ച് വിവരിച്ചുകൊണ്ട് സീറത്തുസ്സ്വഹാബയുടെ ഗ്രന്ഥകാരൻ എഴുതുന്നു: വളരെയധികം ആത്മാർഥതയുണ്ടായിരുന്ന വ്യക്തിയായിരുന്നു അദ്ദേഹം. ഉദാരതയും നേരെ ചൊവ്വേ കാര്യങ്ങൾ പറയുക എന്നതും അദ്ദേഹത്തിന്റെ സവിശേഷ ഗുണങ്ങളാണ്. സുഹൃത്തുക്കളെയും ബന്ധുക്കളെയും നല്ലവണ്ണം ശ്രദ്ധിക്കുമായിരുന്നു. മക്കാവിജയവേളയിൽ അദ്ദേഹം മുശ്‌രിക്കീംകൾക്ക് കത്തെഴുതിയ സംഭവം ഞാൻ നേരത്തെ വിവരിച്ചു കഴിഞ്ഞു. വാസ്തവത്തിൽ തന്റെ കുടുംബക്കാരോടുള്ള സ്നേഹമായിരുന്നു അതിനു കാരണം. അദ്ദേഹത്തിന്റെ സദുദ്ദേശ്യത്തെയും സത്യസന്ധതയെയും പരിഗണിച്ച് നബി(സ) തിരുമേനി അദ്ദേഹത്തിന് മാപ്പു നല്കി. അല്ലാഹു നമ്മെ ഈ സ്വഹാബാക്കളുടെ ഗുണങ്ങൾ അവലംബിക്കുവാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. ഇവരുടെ പദവികൾ ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 27.07.18
Malayalam Translation : **Moulvi Arif Mohammad,** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516